ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
# ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01
അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ
ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1
ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡണ്ട്
മൊബൈൽ: +91 62827 21293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: +91 9744 996 141

നമ്പർ: **ITDIO/20/2026**

തീയതി: **10.06.2026**

**ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി**
**തൊഴിലും നൈപുണ്യവും വകുപ്പ്**
**സെക്രട്ടേറിയറ്റ്, തിരുവനന്തപുരം**

**വിഷയം: പ്രകൃതിക്ഷോഭം, അതിശക്തമായ മഴ തുടങ്ങിയ സാഹചര്യങ്ങളിൽ ജില്ലാ കളക്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ വ്യാവസായിക പരിശീലന വകുപ്പിലെ അധ്യാപക ജീവനക്കാരുടെ ഹാജർ സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

**സൂചന:**

1. ജി.ഒ.(എം.എസ്) നമ്പർ 143/2007/ജി.എഡ്., തീയതി 20-07-2007.
2. ITDIO സംസ്ഥാന കമ്മിറ്റിയുടെ നിവേദനം നമ്പർ ITDIO/73/25, തീയതി 01-12-2025.

സർ,

സൂചന (2) പ്രകാരം ഈ വിഷയത്തിൽ മുമ്പ് ഒരു നിവേദനം സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ വ്യക്തമായ ഉത്തരവോ വിശദീകരണമോ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അതിശക്തമായ മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ അടിയന്തരമായ സർക്കാർ ഇടപെടൽ അനിവാര്യമായി മാറിയിരിക്കുകയാണ്.

ജില്ലാ കളക്ടർമാർ ദുരന്തനിവാരണ നിയമപ്രകാരവും പൊതുസുരക്ഷ കണക്കിലെടുത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുമ്പോൾ വ്യാവസായിക പരിശീലന വകുപ്പിലെ അധ്യാപക ജീവനക്കാർ ഹാജരാകണമോ വേണ്ടയോ എന്ന കാര്യത്തിൽ ഇന്നും വ്യക്തതയില്ല. പല ജില്ലകളിലും പല രീതിയിലുള്ള നിർദ്ദേശങ്ങൾ നൽകപ്പെടുന്നതിനാൽ ആശയക്കുഴപ്പവും അനാവശ്യമായ ഭരണപരമായ തർക്കങ്ങളും ഉണ്ടാകുന്നു.

സൂചന (1) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ മാറ്റിവയ്ക്കാനാകാത്ത പ്രത്യേക ചുമതലകൾ ഇല്ലാത്തപക്ഷം അധ്യാപകർ ഹാജരാകേണ്ടതില്ലെന്ന് സർക്കാർ വ്യക്തമായി ഉത്തരവിട്ടിട്ടുണ്ട്. സമാനമായ

സാഹചര്യത്തിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിൽ ഇതുസംബന്ധിച്ച വ്യക്തമായ സർക്കാർ ഉത്തരവില്ലാത്തത് ജീവനക്കാരെ അനിശ്ചിതത്വത്തിലാക്കുകയും അസമത്വബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈ വിഷയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു:

**1. സുരക്ഷയുടെ പ്രാഥമികത**

ജില്ലാ കളക്ടർ അവധി പ്രഖ്യാപിക്കുന്നത് കേവലം പഠനപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനല്ല, മറിച്ച് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിലാണ്. അതിശക്തമായ മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മരം വീഴൽ, റോഡ് തകർച്ച തുടങ്ങിയ അപകടസാധ്യതകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരുപോലെ ബാധകമാണ്. വിദ്യാർത്ഥികൾക്ക് യാത്ര അപകടകരമാണെന്ന് ഭരണകൂടം വിലയിരുത്തുന്ന സാഹചര്യത്തിൽ അതേ വഴികളിലൂടെ അധ്യാപകർ നിർബന്ധമായും യാത്ര ചെയ്യണമെന്ന നിലപാട് യുക്തിസഹമോ ശാസ്ത്രീയമോ അല്ല. ദുരന്തനിവാരണത്തിന്റെ അടിസ്ഥാന തത്വം തന്നെ അനാവശ്യ യാത്രകൾ പരമാവധി ഒഴിവാക്കി മനുഷ്യജീവൻ സംരക്ഷിക്കലാണ്.

**2. ഭരണഘടനയിലെ സമത്വതത്വം**

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം നിയമത്തിനു മുന്നിൽ എല്ലാവരും സമന്മാരാണ്. ജില്ലാ കളക്ടർ അവധി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്ക് ലഭിക്കുന്ന ഇളവും വ്യക്തതയും വ്യാവസായിക പരിശീലന വകുപ്പിലെ അധ്യാപകർക്ക് നിഷേധിക്കുന്നത് സമത്വതത്വത്തിന് വിരുദ്ധമായ സാഹചര്യം സൃഷ്ടിക്കുന്നു. സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക ജീവനക്കാരെ വ്യത്യസ്തമായി പരിഗണിക്കുന്നത് യുക്തിസഹമായ വർഗ്ഗീകരണത്തിന്റെ പരിധിയിൽ വരുന്നതല്ല. അതിനാൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക ജീവനക്കാർക്ക് ഏകീകൃതവും വിവേചനരഹിതവുമായ നയം രൂപീകരിക്കേണ്ടത് ഭരണഘടനാപരമായ ആവശ്യകതയാണ്.

**3. ജീവിക്കാനുള്ള അവകാശവും സുരക്ഷിത തൊഴിൽ സാഹചര്യവും**

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21 ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ അവിഭാജ്യ ഘടകമാണ് സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ. പ്രകൃതിക്ഷോഭ മുന്നറിയിപ്പുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ജീവനക്കാരെ നിർബന്ധിതമായി യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നത് ജീവനും സുരക്ഷയ്ക്കുമുള്ള അപകടസാധ്യത വർദ്ധിപ്പിക്കുന്നതാണ്. ജീവനക്കാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കേണ്ടത് മാതൃകാ തൊഴിലുടമ എന്ന നിലയിൽ സർക്കാരിന്റെ കടമയാണ്.

**4. ITI സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്വഭാവം**

വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ജില്ലാ കളക്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവായി അവധി പ്രഖ്യാപിക്കുമ്പോൾ ITI-കളെയും അതിന്റെ അധ്യാപകരെയും വ്യത്യസ്തമായി പരിഗണിക്കുന്നതിന് യുക്തിസഹമായ

കാരണങ്ങളില്ല. വിദ്യാഭ്യാസ മേഖലയിലെ മറ്റ് അധ്യാപകർക്ക് ലഭിക്കുന്ന പരിഗണന ITI അധ്യാപകർക്കും ലഭിക്കേണ്ടതാണ്.

**5. ഏകീകൃത ഭരണനിർദ്ദേശത്തിന്റെ ആവശ്യകത**

നിലവിൽ ജില്ലകൾ തമ്മിൽ വ്യത്യസ്ത സമീപനങ്ങൾ സ്വീകരിക്കപ്പെടുന്നതിനാൽ ജീവനക്കാർക്ക് ആശയക്കുഴപ്പം നേരിടേണ്ടിവരുന്നു. ചില ജില്ലകളിൽ ഹാജർ നിർബന്ധമാക്കുമ്പോൾ മറ്റുചിലയിടങ്ങളിൽ ഇളവ് അനുവദിക്കുന്ന സാഹചര്യം നിലവിലുണ്ട്. സംസ്ഥാനതലത്തിൽ വ്യക്തമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ ഇത്തരം വൈരുധ്യങ്ങൾ ഒഴിവാക്കാൻ കഴിയും.

**6. ദുരന്തനിവാരണ നയങ്ങളോടുള്ള പൊരുത്തം**

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും കാലാവസ്ഥാ വകുപ്പും അതിശക്തമായ മഴയോ മറ്റ് പ്രകൃതിക്ഷോഭ സാധ്യതകളോ ഉള്ള ദിവസങ്ങളിൽ അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് ആവർത്തിച്ച് നിർദ്ദേശിക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ അധ്യാപകരുടെ നിർബന്ധിത ഹാജർ ദുരന്തനിവാരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ജില്ലാ കളക്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ മാറ്റിവയ്ക്കാനാകാത്ത പ്രത്യേക സർക്കാർ ചുമതലകൾ ഇല്ലാത്തപക്ഷം വ്യാവസായിക പരിശീലന വകുപ്പിലെ അധ്യാപക ജീവനക്കാർ ഹാജരാകേണ്ടതില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിലെ മാതൃകയിൽ വ്യക്തമായ സർക്കാർ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

**അടിയന്തരവും അനുകൂലവുമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.**

വിശ്വസ്തതയോടെ,

തിരുവനന്തപുരം

10.06.2026

ITD INSTRUCTOR'S ORGANIZATION KERALA

**ആന്റണി ജോസഫ്**
ജനറൽ സെക്രട്ടറി
ഐ.ടി.ഡി.ഐ.ഒ സംസ്ഥാന കമ്മിറ്റി